ശ്രീ. ഈ. പി. പൗലോസ് : ഇവ കളക്ടറേറ്റിൽനിന്നും തന്നിട്ടുള്ള വിവരങ്ങളാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കഴിഞ്ഞകൊല്ലത്തെ അപേക്ഷിച്ചു ഇക്കൊല്ലം ഓലയുടെ വില വളരെ കൂടിയിട്ടുണ്ടെന്നും എല്ലാവർഷവും ഇങ്ങനെ വില കൂടാനാണ് സാദ്ധ്യതയുള്ളതെന്നും മനസ്സിലാക്കി ഗവണ്മെന്റിൽനിന്നും ഓല ശേഖരിച്ചു വിതരണം ചെയ്യുന്നതിനു ഗൗരവപൂർവ്വം ഒന്നു ആലോചിക്കുമോ ?

ശ്രീ. ഈ. പി. പൗലോസ് : ഗവണ്മെന്റു ഓല വാങ്ങിച്ചു സ്റ്റാക്കുചെയ്തു നിയന്ത്രിതവിലയ്ക്കു വിതരണം ചെയ്യുക എന്നുള്ളതിനെപ്പറ്റി പ്രത്യേകമായ ഒന്നു പരിശോധിക്കണം. അതു നടക്കുമെന്നു എനിക്കിപ്പോൾ അഭിപ്രായമില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഈ ഓല ഉണ്ടാക്കുന്നതു, ദരിദ്രരും പാവപ്പെട്ടവരുമായ ആളുകളാണ്. ഗവണ്മെന്റു അതിൽ കയറി ഇടപെട്ടു ഓല നിയന്ത്രിതവിലയ്ക്കു വിൽക്കണമെന്നും മറ്റും പറയുകയാണെങ്കിൽ അതു സാധുക്കളോടു ചെയ്യുന്ന ഒരു വലിയ ദ്രോഹമായിരിക്കും: അതുകൊണ്ടു ഓലവില നിയന്ത്രിക്കാതിരിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. ഈ. പി. പൗലോസ് : ഇതു വലിയ ദ്രോഹമാണെന്നു തോന്നുന്നില്ല. ഈ രണ്ടു കൂട്ടർക്കും, ഓല ഉണ്ടാക്കുന്ന സാധുവിനും അതു വാങ്ങിക്കുന്ന സാധുവിനും, ഓലയുടെ വില നിയന്ത്രിക്കുന്നതുകൊണ്ടു ദോഷമില്ല. പക്ഷേ, അതു പ്രായോഗികമാണോ എന്നുള്ളതാണ് സംശയം.

ശ്രീ. കെ. എം. ജോർജ്ജ്: ഈ പ്രശ്നത്തിനൊരു പരിഹാരമായി വീടു മേയേണ്ടിവരുന്നവർക്കു ഓലയുടെ വില നിയന്ത്രിക്കുന്നതിനേക്കാൾ അവരുടെ വീടുകൾ ഓടുമേയുന്നതിനു ദീർഘകാലത്തിനുള്ളിൽ തിരിച്ചടയ്ക്കത്തക്കവിധം ഗവണ്മെന്റിൽനിന്നും വായ്പ കൊടുക്കുന്നതിനുള്ള വ്യവസ്ഥ ഹൗസിംഗ് സ്കീമിനകത്തു ഉൾപ്പെടുത്തത്തക്കവണ്ണം ആലോചിക്കുന്നതിനു ദയവുണ്ടാകുമോ ?

ശ്രീ. ഈ. പി. പൗലോസ് : അതു ആലോചിച്ചു തന്നെ പറയേണ്ടകാര്യമാണ്.

ശ്രീ. കെ. കെ. വിശ്വനാഥൻ : ഈ ഓല നാലഞ്ചുകൊല്ലക്കാലം കേടുകൂടാതെ ഇരിക്കത്തക്കവണ്ണം ഒരു പ്രോസസ്സിംഗ് ഫാക്ടറി പുതിയതായി ആരംഭിച്ചിട്ടുണ്ട്, ഗവണ്മെന്റു അതേപ്പറ്റി അന്വേഷിച്ചു അങ്ങനെയുള്ള ഫാക്ടറികൾക്കു പ്രോത്സാഹനം നൽകുമോ ? അങ്ങനെ ചെയ്താൽ ഓലയുടെ വില നിയന്ത്രിക്കേണ്ടിവരികയില്ല.

ശ്രീ. ഈ. പി. പൗലോസ് : അതിന്റെ വിവരങ്ങൾ ഒന്നു എഴുതി തരാമെന്നുണ്ടെങ്കിൽ അതേപ്പറ്റി അന്വേഷിക്കാം. ഹൗസിംഗ് സ്കീം അനുസരിച്ചു മുഴുവൻ വീടു വയ്ക്കുന്നതിനാണ് വായ്പകൾ കൊടുക്കുന്നതു. ഇതു പ്രായോഗികമാകുമോ എന്നു അന്വേഷിക്കാം.

Mr. Speaker : Question No. 6. An identical question has been already answered. Question No. 7.

ചാർജ്ജിംഗ് പോലീസ് സ്റ്റേഷനുകൾ

* 496. [7] ശ്രീ. എൻ. എസ്സ്. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്നു സ്റ്റേറ്റിൽ ആകെ എത്ര ചാർജ്ജിംഗ് പോലീസ് സ്റ്റേഷനുകൾ ഉണ്ട് ;

(ബി) ഇക്കൊല്ലം കൂടുതലായി സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനാലോചനയുണ്ടോ :

LIBRARY ARCHIVES Kerala Legislative Assembly

(സി) എത്ര സ്റ്റേഷനുകളോട് അനുബന്ധിച്ച് ഇപ്പോൾ കാർട്ടേഴ്സ് ഉണ്ട് ;

(ഡി) മാന്നാർ പോലീസ് സ്റ്റേഷന്റെയും കാർട്ടേഴ്സിന്റെയും പണി എന്തായി ?

മി. സ്പീക്കർ : സി—യും ഡി—യും മാത്രം ഉത്തരം പറഞ്ഞാൽമതി.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(സി) 132 പോലീസ് സ്റ്റേഷനുകളോടനുബന്ധിച്ച് ഇപ്പോൾ കാർട്ടേഴ്സ് ഉണ്ട്.

(ഡി) 1964-65-ലേക്കുള്ള ബഡ്ജറ്റിൽ അതിലേക്കുവേണ്ടി 50,000 രൂപ കൊള്ളിച്ചിട്ടുണ്ട്.

ശ്രീ. ഈ. പി. ഗോപാലൻ: ഈ സ്റ്റേഷനുകളോട് അനുബന്ധിച്ച ഇപ്പോൾ നിലവിലുള്ള കാർട്ടേഴ്സ് വളരെ പഴക്കമുള്ളതാണെന്നും അവയിൽ പലതും താമസസൗകര്യമില്ലാത്തതാണെന്നും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ? അവയിൽ എവിടെയെല്ലാം കാർട്ടേഴ്സ് റിപ്പെയർ ചെയ്യാനും ആദ്യമായി നിർമ്മിക്കാനുമുള്ള നിർദ്ദേശമുണ്ടെന്നു പറയാമോ ?

ശ്രീ. ആർ. ശങ്കർ : ഈ സംസ്ഥാനത്തു ആകമാനമുള്ള പോലീസ് കാർട്ടേഴ്സിൽ ബഹുഭൂരിഭാഗവും പുതിയ കാർട്ടേഴ്സാണ്. എന്നാൽ മലബാർഭാഗത്തു കുറെ പഴയ കാർട്ടേഴ്സുണ്ട്. അവ ഇപ്പോൾ ആവശ്യമുള്ള റിപ്പയേഴ്സു നടത്തി ഉപയോഗിക്കുകയാണ്. അവയുടെ ഡിസൈൻ ഇപ്പോൾ ഉണ്ടാക്കുന്ന കാർട്ടേഴ്സിനു തുല്യമായവയല്ല. അതു ഉപയോഗശൂന്യമാണെന്നുകണ്ടാൽ ഇപ്പോഴത്തെ ഡിസൈൻ അനുസരിച്ചുള്ള കാർട്ടേഴ്സു ഉണ്ടാക്കുകയും ചെയ്യാം. പക്ഷേ, അതു ഒരു ലാംഗ്രേഞ്ചു പദ്ധതിയാണ്.

ശ്രീ. ഈ. പി. ഗോപാലൻ : നാട്ടുകാൽ പോലീസ് സ്റ്റേഷനോടനുബന്ധിച്ചുള്ള പോലീസ് കാർട്ടേഴസ് കാലിത്തൊഴുത്തിനേക്കാൾ വൃത്തികെട്ടതാണ്, അതുകൊണ്ടു അവിടെ മനുഷ്യവാസയോഗ്യമായിട്ടുള്ള കാർട്ടേഴ്സു പണിയുന്നതിനുള്ള നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : അതേപ്പറ്റി പ്രത്യേകമായി ഗവണ്മെന്റിനറിഞ്ഞുകൂടാ. പൊതുവിൽ ഉപയോഗശൂന്യമായിട്ടുള്ള കാർട്ടേഴ്സ് പൂതുക്കി പണിയണമെന്നുള്ളതാണ്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: 132 പോലീസ്സ്റ്റേഷനുകളോടനുബന്ധിച്ചു കാർട്ടേഴ്സുണ്ട് എന്നു ബഹുമാനപ്പെട്ടമന്ത്രി പറഞ്ഞു. തിരൂർ പോലീസ് സ്റ്റേഷനോടനുബന്ധിച്ചുള്ള പോലീസ്കാർട്ടേഴ്സും ഇതിൽപെട്ടമെന്നു ഞാൻ വിശ്വസിക്കുന്നു. എന്നാൽ കഴിഞ്ഞ രണ്ടു കൊല്ലങ്ങൾക്കുമുമ്പു അവിടെ കാർട്ടേഴ്സ് കെട്ടുകയും പണി തീർന്നിട്ടിപ്പോൾ ഒരു കൊല്ലമായുകയും ചെയ്തു. അവിടെ ഇപ്പോൾ പബ്ലിക്ക് വർക്സ് ഡിപ്പാർട്ടുമെന്റുവക സിമന്റു ചാക്കുകൾ സൂക്ഷിക്കുകയാണ്. അതു പോലീസുകാർക്കു വിട്ടുകൊടുക്കുന്നതിലേക്കു അടിയന്തിരമായിട്ടുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ആ കാർട്ടേഴ്സിന്റെ പ്രത്യേകമായ സ്വഭാവത്തെപ്പറ്റി അറിയാൻ പാടില്ല. എങ്കിലും പബ്ലിക്ക്വർക്സ് ഡിപ്പാർട്ടുമെന്റു ആദ്യമാദ്യം പണിതീർന്നവരുന്ന കെട്ടിടങ്ങളിൽ സിമന്റു മുതലായ സാധനങ്ങൾ ജോലി തീരുന്നതുവരെ സൂക്ഷിക്കുന്ന പതിവുണ്ട്. ചില സ്ഥലങ്ങളിൽ കെട്ടിടത്തിന്റെ പണി പൂർത്തിയായതിനുശേഷവും ഇലക്ട്രിസിറ്റിയും വാട്ടർസപ്ലൈ സൗകര്യങ്ങളും നേരത്തെതന്നെ ചെയ്യാത്തതുകൊണ്ടു കാലതാമസം വരുന്നുണ്ട്. അതു ഒഴിവാക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി എ. നഫീസത്തു ബീവി : ആലപ്പുഴയിൽ രണ്ടു പോലീസു സ്റ്റേഷനുകളും ഉണ്ടു്. നാട്ടു പോലീസു് സ്റ്റേഷനും സൗത്തു പോലീസു് സ്റ്റേഷനും. അതിൽ നാട്ടു പോലീസു് സ്റ്റേഷൻ കുറെക്കാലമായി സൗത്തു പോലീസു് സ്റ്റേഷന്റെ അതിർത്തിയിലുള്ള റിസർവ്വു് ക്യാമ്പിൽ സ്ഥാപിച്ചു പ്രവർത്തിക്കുന്നതുകൊണ്ടു് നാട്ടുകാക്കു് വളരെ ഏറെ ബുദ്ധിമുട്ടണ്ടാകുന്നുണ്ടു്. ആ കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ വസ്തുത കണക്കിലെടുത്തുകൊണ്ടും പരാതികളും ലഭിച്ചതിന്റെ അടിസ്ഥാനത്തിലും നാട്ടുകാക്കുള്ള ബുദ്ധിമുട്ടു കണക്കിലെടുത്തുകൊണ്ടും ആ പോലീസു് സ്റ്റേഷൻ നാട്ടു സ്റ്റേഷന്റെ അതിർത്തിയിൽത്തന്നെ എത്രയും വേഗം സ്ഥാപിക്കുന്നതിനു വേണ്ട തീരുമാനം ചെയ്യുമോ ?

ശ്രീ. ആർ. ശങ്കർ : ഇതിനുമുമ്പു് എന്തെങ്കിലും പരാതികളുണ്ടായിട്ടുണ്ടെന്നും ഏതെങ്കിലും ബുദ്ധിമുട്ടുകൾ അവിടെ ഉണ്ടെന്നും കണ്ടാൽ അതേപ്പറ്റി ശ്രദ്ധിക്കുന്നതാണു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : തളിപ്പറമ്പ താലൂക്കിൽ ശ്രീകണ്ഠപുരം പോലീസു് സ്റ്റേഷൻ ഒരു വാടകപ്പീടികയിലാണു് ഇട്ടിരിക്കുന്നതെന്നും അവിടെ ലാക്കപ്പു് എന്നു ധരിപ്പിക്കുവച്ചിരിക്കുന്നതു് മുറിക്കു ഒരു ജനാലപോലും ഇല്ലെന്നും, അതുകൊണ്ടു് അവിടെ പോലീസുകാക്കും സബ്ബ്ഇൻസ്പെക്ടറക്കും താമസിക്കാൻ ക്വാർട്ടേഴ്സിലെന്നും ഉള്ളതിനെ പരിഗണിച്ചു് പ്രത്യേകമായി ക്വാർട്ടേഴ്സു് പണിയാൻ നടപടിയെടുക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ : ആ പ്രത്യേക പോലീസു് സ്റ്റേഷനെപ്പറ്റിയുള്ള വിവരങ്ങളും പ്രത്യേകമായി ചോദിച്ചാലേ മറുപടി പറയാൻ കഴിയുകയുള്ളു. സാധാരണ പോലീസു് സ്റ്റേഷനുകളിലൊന്നുംതന്നെ ലാക്കപ്പിനു ജനലുകളില്ല. വെൻറിലേറേറഴ്സാണുള്ളതു്. അതു കുറെ പൊക്കത്തിലേ വയ്ക്കാറുള്ളു. മുമ്പിൽ ഇരുമ്പഴികളുള്ള വാതലുമാണു്. അവിടെ വായു സഞ്ചാരത്തിനുള്ള സൗകര്യമുണ്ടു്. സെക്യൂരിറ്റിക്കുവേണ്ടിയാണു് പോലീസു് സ്റ്റേഷനുകളിൽ ഇങ്ങനെയുള്ള ഏർപ്പാടുകളും ചെയ്യുന്നതു്. അതിനു വിരുദ്ധമായ ഏർപ്പാടുകളും ഉണ്ടെങ്കിൽ അതേപ്പറ്റി നോക്കി വേണ്ടതു ചെയ്യാം.

ശ്രീ. എൻ. എസു്. കൃഷ്ണപിള്ള : തിരുവല്ലാ പോലീസു് സ്റ്റേഷനോടനുബന്ധിച്ചുള്ള ക്വാർട്ടേഴ്സു് പണിയുന്നതിനു് 1960–ൽ പി. ഡബ്ലിയു. ഡിപ്പാർട്ടുമെന്റുകാർ പണി ആരംഭിച്ചിട്ടു ഇതുവരെയായിട്ടും അതിന്റെ പണി മുന്നോട്ടു പോയിട്ടില്ല. ഇപ്പോഴും അതിന്റെ പണി സ്തംഭനാവസ്ഥയിലിരിക്കുകയാണു്. ഉടനെതന്നെ ആ ക്വാർട്ടേഴ്സിന്റെ പണി പൂർത്തിയാക്കുവാനുള്ള നടപടിയെടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ ഒരു ഡിപ്പാർട്ടുമെൻറിന്റെ അനാസ്ഥകൊണ്ടു് ഏതെങ്കിലും പണി തുടർന്നുനടത്താതെ വരുന്നുണ്ടെങ്കിൽ അതേപ്പറ്റി അന്വേഷിക്കാം.

പ്രൈമറി ഹെൽത്തു സെൻറുകളുടെ കീഴിലുള്ള സബ് സെൻറർ

* 497. [8] ശ്രീ. കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രൈമറി ഹെൽത്തു സെൻറുകളുടെ കീഴിൽ മേലാൽ എത്ര സബ്സെൻറർവീതം ഉണ്ടാകും ;

(ബി) എന്തൊക്കെ കാര്യങ്ങളാണു് പ്രധാനമായും സബ്സെൻറർ വഴി നടത്തുവാനുദ്ദേശിക്കുന്നതു് ;

(സി) ഇവ സ്ഥാപിച്ചുകിട്ടുന്നതിനു് പൊതുജനങ്ങൾ ചെയ്യേണ്ട സംഭാവനകൾ എന്തെല്ലാം ;

(ഡി) ഈ സാമ്പത്തികവർഷംതന്നെ ഈ സ്കീം നടപ്പിൽവരുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly